# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4116 | 13.12.2018 - ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള ധനസമാഹരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി സംസ്ഥാന ജി.എസ്.ടി യിന്മേൽ അധിക സെസ്സ് ഏർപ്പെടുത്തുന്നത് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പ്രളയദുരന്തവുമായി ബന്ധപ്പെട്ട് അധിക വിഭവസമാഹരണത്തിനായി എസ്.ജി.എസ്.ടി-ക്ക് പുറത്ത് 10% സെസ്സ് ഏർപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് കേരളം കേന്ദ്രത്തെ സമീപിച്ചിട്ടുണ്ട്. നിലവിലുള്ള ജി.എസ്.ടി നിയമത്തിൽ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള വകുപ്പില്ല. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം നോട്ടിഫൈ ചെയ്യുന്ന ചരക്കു-സേവനങ്ങൾക്കുമേൽ സെസ്സ് പിരിക്കാൻ കേന്ദ്രത്തിന് അധികാരമുണ്ട്. ജി.എസ്.ടി കൗൺസിലിന്റെ അനുമതിക്കു വിധേയമായി ജി.എസ്.ടി-ക്കു പുറത്ത് സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരാവുന്നതാണ്. എന്നാൽ, ഇന്ത്യയൊട്ടുക്ക് വ്യാപാരികൾ ഫയൽ ചെയ്യേണ്ട റിട്ടേണുകളും അടയ്ക്കേണ്ട നികുതിയും ജി.എസ്.ടി.എൻ തയ്യാറാക്കിയ കോമൺ സോഫ്റ്റ്-വെയർ പ്രകാരമാണ് നടപ്പിലാക്കി വരുന്നത്. ഇത് ഒരു സംസ്ഥാനത്തിനു മാത്രമായി പരിഷ്കരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. കേരളത്തിന്റെ ആവശ്യപ്രകാരം, എസ്.ജി,എസ്.ടി-ക്കു പുറത്ത് സെസ്സ് ഏർപ്പെടുത്തുന്ന കാര്യം 30-ാം |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്യുകയും ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബീഹാർ ഉപമുഖ്യമന്ത്രി സുശീൽകുമാർ മോഡി അദ്ധ്യക്ഷനായ ഒരു മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ സമിതിയിൽ കേരള ധനകാര്യ വകുപ്പ് മന്ത്രിയും അംഗമാണ്. ഈ മന്ത്രിതല സമിതിയുടെ ആദ്യ യോഗം 15/10/2018-ൽ നടത്തുകയുണ്ടായി. ഇതിനെത്തുടർന്ന്, കേരളത്തിന്റെ ആവശ്യത്തോട് എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമ്മാണത്തിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങളും, അതിന് വേണ്ടുന്ന വായ്പ സംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും വിശദമാക്കുമോ; | (ബി) | പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങിയവയും ഉൾപ്പെടുന്നു. സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവസമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയവയും ഉൾപ്പെടുന്നു. |
| (സി) | പുനർ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ആവശ്യമായ സഹകരണം ലഭ്യമാകുന്നുണ്ടോ; സംസ്ഥാനം വായ്പ എടുക്കുന്നതിൽ കേന്ദ്രം ഏതൊക്കെ തരത്തിലുള്ള നിബന്ധനകളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവസമാഹരണത്തിനായി സംസ്ഥാനത്തിന്റെ വായ്പാപരിധി GSDP-യുടെ 3 ശതമാനത്തിൽ നിന്നും ഉയർത്താതെ നടപ്പുവർഷത്തിലെ വായ്പാ പരിധിയായ 22353 കോടി രൂപയ്ക്ക് പുറമേയുള്ള വായ്പ സ്വീകരിക്കാൻ കഴിയുന്നതല്ല. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ GSDP-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ ലോക ബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെവരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോക ബാങ്കിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**